(ജി) നിലവിലുള്ള വനശാസ്ത്ര പുസ്തക കോർണർ പദ്ധതി എല്ലാ ഗ്രന്ഥശാലകളിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(എച്ച്) പരിശോധിക്കാവുന്നതാണ്.

**57 (374) ഫോറസ്റ്റ് ഡിപ്പോ വാച്ചർ തസ്തികയുടെ തൃശ്ശൂർ ജില്ലാ റാങ്ക് ലിസ്റ്റ്**

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് ഡിപ്പോ വാച്ചർ തസ്തികയുടെ തൃശ്ശൂർ ജില്ലാ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് നിയമന ഉത്തരവ് അയച്ചു; എത്ര പേർ ജോയിൻ ചെയ്തു; എത്ര പേർ നോൺ ജോയിനിംഗ് ഡ്യൂട്ടി ആയി;

(ബി) ഇപ്പോൾ നിലവിൽ ഒഴിവുകളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫോറസ്റ്റ് ഡിപ്പോ വാച്ചർ തസ്തികയുടെ തൃശ്ശൂർ ജില്ലാ റാങ്ക് ലിസ്റ്റിൽ നിന്നും 3 പേർക്ക് നിയമന ഉത്തരവ് അയച്ചു. ഇതിൽ ഒരാൾ ജോയിൻ ചെയ്തു. 2 പേർ നോൺ ജോയിനിംഗ് ഡ്യൂട്ടി ആയി. ജോയിൻ ചെയ്ത ആൾ മറ്റൊരു ജോലി കിട്ടി വകുപ്പ് വിട്ടുപോയി.

(ബി) നിലവിലുള്ള 3 ഒഴിവുകളും നികത്താൻ നടപടി സ്വീകരിച്ചു വരുന്നു.

**58 (375) കാസർഗോഡ് ഫോറസ്റ്റ് ഡിവിഷൻ**

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ഫോറസ്റ്റ് ഡിവിഷൻ ആരംഭിക്കുന്നതു സംബന്ധിച്ച് ഇതിനകം എന്തു നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

കാസർഗോഡ് ഫോറസ്റ്റ് ഡിവിഷൻ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

**59 (376) ഇക്കോ ടൂറിസം പദ്ധതി**

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'വനമൈത്രി' ഇക്കോ ടൂറിസം പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതിയെന്താണെന്ന് വിശദമാക്കുമോ;

(സി) വനസംരക്ഷണ പരിപാലനത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ;

(ഡി) വന്യജീവി സങ്കേതങ്ങളിൽ പുതുതായി ഇന്റർ പ്രൊട്ടക്ഷൻ സെന്ററുകൾ തുറക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) വനസംരക്ഷണ പരിപാലനത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായി നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾ താഴെ പറയുന്നവയാണ്.

1. നാഷണൽ പാർക്കുകളുടെയും വന്യജീവി സങ്കേതങ്ങളുടെയും വികസനം (50% കേന്ദ്രവിഹിതവും, 50% സംസ്ഥാന സർക്കാർ വിഹിതവും)

2. പ്രോജക്ട് എലിഫന്റ് പദ്ധതി (100% കേന്ദ്രവിഹിതം)

3. നീലഗിരി ബയോസ്ഫിയർ റിസർവ് (100% കേന്ദ്രവിഹിതം)

4. പെരിയാർ ടൈഗർ റിസർവിൽ നടപ്പിലാക്കിവരുന്ന ഇൻഡ്യ ഇക്കോഡവലപ്മെന്റ് പദ്ധതി (ഭാഗികമായി കേന്ദ്ര വിഹിതവും ഭാഗികമായി സംസ്ഥാന വിഹിതവും)

5. പെരിയാർ കടുവ സങ്കേതത്തിലെ പ്രൊജക്ട് ടൈഗർ പദ്ധതി

(ഡി) ഉണ്ട്. പറമ്പിക്കുളം, വയനാട്, ചിന്നാർ തുടങ്ങിയ വന്യജീവി സങ്കേതങ്ങളിൽ പുതിയ ഇന്റർ പ്രൊട്ടഷൻ സെന്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**60 (378) പയ്യോളി കടൽത്തീരത്തുള്ള കടലാമ സംരക്ഷണ പദ്ധതി**

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പയ്യോളി കടൽത്തീരത്തുള്ള കടലാമ സംരക്ഷണ കേന്ദ്രത്തിന് സർക്കാർ കൊടുത്തിട്ടുള്ള സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സഹായം പിൻവലിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) കടലാമയും മുട്ടയും ഇല്ലാത്ത മറ്റു കേന്ദ്രങ്ങളിലേയ്ക്ക് പുതിയ സംരക്ഷണ കേന്ദ്രം തുടങ്ങാനുള്ള ശ്രമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പയ്യോളി പഞ്ചായത്തിലെ കടലാമ സംരക്ഷണ കേന്ദ്രത്തിന് സർക്കാർ ഇതേവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly